©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ജനുവരി 21<br>21st January 2016<br>1191 മകരം 7<br>7th Makaram 1191<br>1937 മാഘം 1<br>1st Magha 1937 | നമ്പർ<br>No. 162 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

വിജ്ഞാപനം

*2016 ജനുവരി 21*
*1191 മകരം 7*
*1937 മാഘം 1.*

നമ്പർ 24403/ലെഗ്.ബി1/2015/നിയമം. *തിരുവനന്തപുരം,*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 ജനുവരി 21-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡി. സാജു,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/265/2016/S-22.

## 2016-ലെ 2-ാം ആക്റ്റ്

# 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ്

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 മേയ് 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു ;

(ബി) "മുന്നോക്ക വിഭാഗം" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധപ്പെടുത്തുന്ന 9-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കമ്മീഷൻ കണ്ടെത്തിയിട്ടുള്ള മുന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വിഭാഗം എന്നർത്ഥമാകുന്നു ;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ

3. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുശേഷം, കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനംവഴി, "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ കമ്മീഷനിൽ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാൾ, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ് ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള മുന്നോക്ക സമുദായത്തിൽപ്പെട്ട, രണ്ട് അംഗങ്ങൾ ;

(സി) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ മൂന്ന് വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾ, അദ്ദേഹം കമ്മീഷന്റെ മെമ്പർ-സെക്രട്ടറി ആയിരിക്കുന്നതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ഓരോ അംഗത്തിനും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണോ അംഗത്തിനോ ഏതുസമയത്തും സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്തുനിന്നും ഒരാളെ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ ;

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ ;

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ ;

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ ജോലി ചെയ്യാൻ കഴിവില്ലാതായിത്തീരുകയോ ;

(ഇ) കമ്മീഷനിൽനിന്നും അനുമതിനേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ ;

(എഫ്) തൽസ്ഥാനത്ത് തുടരുന്നത് മുന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമായിത്തീരത്തക്കവിധം, ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് അഭിപ്രായമുള്ളപക്ഷമോ;

സർക്കാർ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(4) (2)-ാം ഉപവകുപ്പ് പ്രകാരമോ മറ്റുവിധത്തിലോ ഉണ്ടായ ഒരു ഒഴിവ്, പുതിയ നാമനിർദ്ദേശംവഴി, സർക്കാർ നികത്തേണ്ടതാണ്.

(5) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. <u>കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>—(1) കമ്മീഷന്റെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ, താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന് നിയമിക്കാവുന്നതാണ്, അതായത്:—

(എ) നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ലാ ആഫീസർ;

(ബി) ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഫിനാൻസ് ആഫീസർ;

(സി) ഈ ആക്റ്റ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും കമ്മീഷനെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും.

(2) കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) സർക്കാരിന്, കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ ആദ്യം ഡെപ്യൂട്ടേഷൻ മുഖാന്തിരം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം നടത്താവുന്നതാണ്.

(4) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങൾ കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബാധകമാകുന്നതാണ്.

6. ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽനിന്ന് നൽകണമെന്ന്.—ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും 5-ാം വകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ, മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയാലോ കമ്മീഷനിൽ നിലനിൽക്കുന്ന ഏതെങ്കിലും ഒഴിവിനാലോ കമ്മീഷന്റെ യാതൊരു പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

8. നടപടിക്രമം കമ്മീഷൻ നിയന്ത്രിക്കണമെന്ന്.—(1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും ആവശ്യമുള്ളപ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ് :

എന്നാൽ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമങ്ങളെ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറിയോ മെമ്പർ-സെക്രട്ടറി ഇതിലേക്കായി യഥാവിധി രേഖാമൂലം അധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

9. കമ്മീഷന്റെ ചുമതലകൾ.—കമ്മീഷൻ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) കേരള സംസ്ഥാനത്തിലെ മുന്നോക്ക വിഭാഗങ്ങളെ കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക ;

(ബി) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക ;

(സി) മുന്നോക്ക വിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗത്തിന്റെ അഭ്യർത്ഥനകൾ പരിശോധിക്കുകയും അതു സംബന്ധിച്ച പരാതികൾ കേൾക്കുകയും ഉചിതമെന്നു തോന്നുന്ന ഉപദേശം സർക്കാരിന് നൽകുകയും ചെയ്യുക ;

(ഡി) മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തുകയും ചെയ്യുക ;

(ഇ) മുന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും സാമൂഹിക സാമ്പത്തിക പുരോഗതിക്കും ആവശ്യമായ വ്യവസ്ഥകളും മറ്റു നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച ശിപാർശകൾ നൽകുകയും വാർഷികമായോ കമ്മീഷന് യുക്തമെന്നു കരുതുന്ന സമയത്തോ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക ;

(എഫ്) മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക ;

(ജി) മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട യുക്തമായ നടപടികൾ നിർദ്ദേശിക്കുക ;

(എച്ച്) മുന്നോക്ക വിഭാഗങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളെ സംബന്ധിച്ച്, സർക്കാരിന് കാലാകാലങ്ങളിലോ പ്രത്യേകമായോ റിപ്പോർട്ട് സമർപ്പിക്കുക ;

(ഐ) മുന്നോക്ക വിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക ;

(ജെ) മുന്നോക്ക വിഭാഗങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചു കൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക.

10. സർട്ടിഫിക്കറ്റ്.—സംസ്ഥാന മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കമ്മീഷന്റെ ശിപാർശ പ്രകാരം, സംസ്ഥാനത്ത് താമസിക്കുന്ന മുന്നോക്ക വിഭാഗത്തിൽ പ്പെടുന്നവർക്ക് സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

11. റിപ്പോർട്ട് വയ്ക്കൽ.—സർക്കാർ, 9-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ, അതിന്മേലെടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകൾ സ്വീകരിക്കാതി രിക്കുവാനുള്ള കാരണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അതും വിശദമാക്കി ക്കൊണ്ട്, നിയമസഭ മുമ്പാകെ വയ്പ്പിക്കേണ്ടതാണ്.

12. കമ്മീഷന്റെ അധികാരങ്ങൾ.—(1) കമ്മീഷന്, 9-ാം വകുപ്പ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്ന താണ്, അതായത്:—

(എ) സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചുവരുത്തുകയും ഹാജരാകുന്നത് ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞ യിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക ;

(ഇ) സാക്ഷികളെ വിസ്തരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്യുക ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും സംഗതികൾ.

(2) കമ്മീഷന്, അന്വേഷണവുമായി ബന്ധപ്പെട്ട് തെളിവെടുപ്പിനു വേണ്ടിയുള്ള ആവശ്യത്തിലേക്കായി സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥ ന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താ വുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ആ ഉദ്യോഗസ്ഥനോ ഏജൻസിയോ അതു സംബന്ധിച്ച് അന്വേഷണം നടത്തി തെളിവെടുപ്പ് നടത്തേണ്ടതും അതിന്മേലുള്ള റിപ്പോർട്ട്, കമ്മീഷൻ ഇതിനായി നിശ്ചയിക്കുന്ന കാലയളവിനുള്ളിൽ, കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ എത്തിച്ചേർന്നിട്ടുള്ള ഏതെങ്കിലും നിഗമനത്തിന്റെയോ റിപ്പോർട്ടിലെ വസ്തുത കളുടെയോ കൃത്യത സംബന്ധിച്ച് കമ്മീഷൻ സ്വയം ബോദ്ധ്യപ്പെടേണ്ടതും ഈ ഉദ്ദേശ്യത്തിലേക്ക് തെളിവെടുപ്പ് നടത്തിയതോ അതിനു സഹായിച്ചതോ ആയ ആളുടെ വിസ്താരം ഉൾപ്പെടെ അതിന് യുക്തമെന്ന് തോന്നുന്ന അന്വേഷണം നടത്താവുന്നതുമാണ്.

13. വ്യക്തികൾ കമ്മീഷന് നൽകുന്ന പ്രസ്താവനകൾ.—ഒരു വ്യക്തി തെളിവെടുപ്പ് സമയത്ത് കമ്മീഷൻ മുൻപാകെ പ്രസ്തുത വ്യക്തിയെ സംബന്ധിച്ച് നൽകുന്ന പ്രസ്താവന, അങ്ങനെയുള്ള പ്രസ്താവനവഴി തെറ്റായ തെളിവ് നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ പ്രസ്തുത വ്യക്തിക്കെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല:

എന്നാൽ അങ്ങനെയുള്ള പ്രസ്താവന,—

(എ) കമ്മീഷൻ ആ വ്യക്തിയോട് മറുപടി പറയാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിനുള്ള മറുപടിയായി നൽകിയതോ;

(ബി) കമ്മീഷൻ തെളിവെടുക്കുന്ന വിഷയത്തിൽ പ്രസക്തിയുള്ളതോ;

ആയിരിക്കേണ്ടതാണ്.

14. ദോഷകരമായി ബാധിക്കാനിടയുള്ള വ്യക്തികളെ കേൾക്കണമെന്ന്.— തെളിവെടുപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്,—

(എ) ഏതെങ്കിലും വ്യക്തിയുടെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായമുണ്ടെങ്കിൽ; അഥവാ

(ബി) തെളിവെടുപ്പുകൊണ്ട് ഏതെങ്കിലും വ്യക്തിയുടെ കീർത്തിയെ ദോഷകരമായി ബാധിക്കുവാൻ ഇടയുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ;

അങ്ങനെയുള്ള വ്യക്തിയെ കേൾക്കുന്നതിനും ആ വ്യക്തിയുടെ പ്രതിരോധ ത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനുമുള്ള ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

15. സർക്കാരിൽ നിന്നുള്ള ഗ്രാന്റ്.—(1) സർക്കാർ, സംസ്ഥാന നിയമസഭയിൽ ഇതിലേക്കായി നിയമംമുഖേന യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റിൽനിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്ന് നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ്.

16. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ ഇതിലേക്കായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ചുമതലപ്പെടുത്തിയ ആഡിറ്റർ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റിക്കാർഡുകളും ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

17. വാർഷിക റിപ്പോർട്ട്.—കമ്മീഷൻ, ഓരോ സാമ്പത്തികവർഷത്തേക്കും മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരം നൽകുന്ന വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് നേരിട്ട് അയയ്ക്കേണ്ടതുമാണ്.

18. ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.—ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്രവേഗം, സർക്കാർ അവ നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

19. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

20. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും ഉപാധികളും ;

(ബി) 10-ാം വകുപ്പ് പ്രകാരം സർക്കാർ, മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും ഫാറവും ;

(സി) 12-ാം വകുപ്പ് (എഫ്) ഖണ്ഡത്തിൻകീഴിലുള്ള മറ്റേതെങ്കിലും കാര്യം ;

(ഡി) 16-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റിന്റെ ഫാറം ;

(ഇ) 17-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതായ ഫാറവും സമയവും ;

(എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

21. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റ് പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനോ, ചെയർപേഴ്സണോ, ഏതെങ്കിലും അംഗത്തിനോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ, കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന കമ്മീഷനിലെ മറ്റേതെങ്കിലും ജീവനക്കാരനോ എതിരായി യാതൊരു അന്യായമോ വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

22. <u>വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

23. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 9) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

2015 ഡിസംബർ മാസം 16-ാം തീയതി കേരള സംസ്ഥാന നിയമസഭ ഈ ബിൽ പാസ്സാക്കി.

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 24403/Leg. B1/2015/Law. *Dated, Thiruvananthapuram,* *21st January, 2016* / *7th Makaram 1191* / *1st Magha, 1937.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala State Commission for economically backward classes among Forward Communities Act, 2015 (2 of 2016).

By order of the Governor,

D. SAJU,

*Special Secretary (Law).*

[Translation in English of "2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ്" published under the authority of the Governor.]

**ACT 2 OF 2016**

# THE KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES ACT, 2015

*AN*

*ACT*

*to constitute a State Commission for economically backward classes among Forward Communities and to provide for matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to constitute a Commission for economically backward classes among the Forward Communities and to provide for matters connected therewith or incidental thereto;

BE it enacted in the Sixty-sixth Year of the Republic of India as follows:—

## CHAPTER I
## PRELIMINARY

1. *Short title and commencement.*—(1) This Act may be called the Kerala State Commission for economically backward classes among Forward Communities Act, 2015.

(2) It shall be deemed to have come into force on the 16th day of May, 2015.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Commission" means the Kerala State Commission for economically backward classes among Forward Communities constituted under section 3;

(b) "Forward Community" means any community included in the list of forward communities identified by the Commission under clause (a) of section 9 which is published by the Government by notification in the Gazette;

(c) "Government" means the Government of Kerala;

(d) "Member" means a member of the Commission and includes the Chairperson;

(e) "prescribed" means prescribed by rules made under this Act.

## CHAPTER II

## KERALA STATE COMMISSION FOR ECONOMICALLY BACKWARD CLASSES AMONG FORWARD COMMUNITIES

3. *Constitution of the Kerala State Commission for economically backward classes among Forward Communities.*—(1) The Government shall, as soon as may be, after the commencement of this Act, by notification in the Gazette, constitute a body to be known as the "Kerala State Commission for economically backward classes among Forward Communities" to exercise the powers conferred on it and to perform the functions under this Act.

(2) The Commission shall consist of the following members, nominated by the Government, namely:—

(a) a person who is or has been a Judge of the Supreme Court or High Court, he shall be the Chairperson of the Commission;

(b) two members belonging to forward community having special knowledge in matters relating to forward community, nominated by the Government;

(c) an Additional Secretary to Government or a person who had served as an Additional Secretary to Government for not less than three years, he shall be the Member-Secretary of the Commission.

4. *Term of office and conditions of service of Chairperson and Members.*—(1) Each member may continue in office for a term of three years from the date on which he assumes office.

(2) The Chairperson or member of the Commission may, at any time, by giving intimation to the Government in writing under his hand, resign his office.

(3) The Government shall remove a person from the office of the Chairperson or of a member, if that person,—

(a) becomes an undischarged insolvent;

(b) has been convicted and sentenced to imprisonment for an offence which, in the opinion of the Government, involves moral turpitude;

(c) becomes of unsound mind and stands so declared by a competent Court;

(d) refuses to work or becomes incapable to work;

(e) without obtaining leave of absence from the Commission, does not attend three consecutive meetings of the Commission;

(f) in the opinion of the Government, has so abused the official position of Chairperson or Member as to render that person's continuance in office detrimental to the interest of forward communities or public interest:

Provided that no person shall be removed under this sub-section unless that person has been given an opportunity of being heard in the matter.

(4) A vacancy occurred under sub-section (2) or otherwise shall be filled by the Government by fresh nomination.

(5) The salary and allowances payable to, and the other terms and conditions of service of the Chairperson and Members shall be such as may be prescribed.

5. *Appointment of officers and employees of the Commission.*—(1) The Government may, appoint the following officers and employees necessary for the proper management of the Commission, namely:—

(a) a Law Officer not below the rank of Joint Secretary to Government from the Law Department;

(b) a Finance Officer from the Finance Department not below the rank of Joint Secretary to Government; and

(c) such other officers and employees as may be prescribed and considered necessary for assisting the Commission to exercise the powers and perform the functions under this Act.

(2) The salary and allowances payable to, and other terms and conditions of service of, the officers and employees of the Commission shall be such as may be prescribed.

(3) Appointment of officers and employees may be made by the Government initially through deputation when the Commission is constituted and starts functioning.

(4) The rules applicable to the Government employees in respect of the method of appointment, salary and allowances, discipline and other conditions of service shall be applicable to the officers and employees of the Commission.

6. *Salary, allowances and administrative expenses to be paid out of grant.*—The salary and allowances payable to the Chairperson and Members, and the administrative expenses, including salary, allowances and pension payable to the officers and other employees referred to in section 5, shall be paid out of the grant referred to in sub-section (1) of section 15.

7. *Vacancies etc., not to invalidate proceedings of the Commission.*—No act or proceeding of the Commission shall be invalid on the ground of any defect in the constitution of the Commission or the existence of any vacancy in the Commission.

8. *Procedure to be regulated by the Commission.*—(1) The Commission shall meet as and when necessary at such time and place as the Chairperson thinks fit:

Provided that such meeting shall be held at least once in three months.

(2) The Commission shall have the power to regulate its own procedure.

(3) All orders and decisions of the Commission shall be authenticated by the Member-Secretary or any other officer of the Commission duly authorised in writing in this behalf by the Member-Secretary.

## CHAPTER III

## POWERS AND FUNCTIONS OF THE COMMISSION

9. *Functions of the Commission.*—The Commission shall perform the following functions, namely:—

(a) to identify the forward communities in the State of Kerala and to prepare a list thereof and submit it to the Government;

(b) to study and analyse the issues of those who are economically backward in the forward communities and recommend welfare measures;

(c) to examine the requests of any community to be included as forward community, to hear complaints thereon and to give advices, as it may think appropriate, to the Government;

(d) to participate in, and advise on, the planning proceedings for the socio-economic development of the forward communities and evaluate the progress of their development in the State;

(e) to make recommendations as to the measures to be taken by the Government for the effective implementation of provisions and other measures necessary for the welfare and socio-economic development of the forward communities and to submit report to the Government annually or at such time, as the Commission may deem fit;

(f) to conduct studies, research and analysis on the issues relating to social, economic and educational progress of forward communities;

(g) to suggest appropriate measures to be adopted by the Government in respect of forward communities;

(h) to submit report to the Government periodically or specially, on any matter pertaining to forward communities, particularly in respect of difficulties being faced by them;

(i) to discharge such other functions in relation to the protection, welfare, development and advancement of the forward communities, as may be prescribed; and

(j) to do any other matter pertaining to forward communities, entrusted by the Government.

10. *Certificate.*—The Government shall, on the recommendation of the State Commission for economically backward classes among forward communities, issue forward community certificate to those belonging to forward communities, residing in the State in the manner and form as may be prescribed.

11. *Laying of Report.*—The Government shall cause the reports referred to in clause (e) of section 9, to be laid before the Legislative Assembly explaining the action taken or proposed to be taken thereon and also the reasons, if any, for non-acceptance of the recommendations.

12. *Powers of the Commission.*—(1) The Commission, while performing its functions under section 9, shall have all the powers of a civil court trying a suit and in particular, in respect of the following matters, namely:—

(a) summoning and enforcing the attendance of any person from any part of the State and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavits;

(d) demanding any public record or copy thereof from any court or office;

(e) the examination of witnesses and inspection of records; and

(f) any other matter as may be prescribed.

(2) The Commission may, for the purpose of taking evidence in connection with enquiries, utilise the services of any officer of the Government or investigation agency.

(3) The officer or investigation agency, whose services have been utilised under sub-section (2), shall take evidence after making enquiry regarding it and the report thereon shall be submitted to the Commission within the period fixed by the Commission in this behalf.

(4) The Commission shall satisfy itself regarding the correctness of any inferences arrived at in the report or facts in the report submitted under sub-section (3) and for this purpose it may conduct enquiry as it deems fit, including the examination of the person who had taken the evidence or assisted for the same.

13. *Statements given by persons to the Commission.*—The statement given by a person about himself at the time of giving evidence before the Commission, shall not be used against the said person in the proceedings before any civil court or criminal court, except in prosecution proceedings for giving false evidence by such statement:

Provided that such statement shall be,—

(a) given as a reply to a question which is required by the Commission to be answered by that person;

(b) relevant to the subject matter in which the evidence is taken by the Commission.

14. *Persons likely to be affected prejudicially to be heard.*—At any stage of taking evidence, if the Commission,—

(a) is of the opinion that it is necessary to enquire into the conduct of any person; or

(b) is of the opinion that taking of evidence will prejudicially affect the reputation of any person;

such person shall be given a reasonable opportunity of being heard and to produce evidence to defend, in the enquiry.

## CHAPTER IV

## FINANCE, ACCOUNTS AND AUDIT

15. *Grants by the Government.*—(1) The Government shall, after due appropriation made by the State Legislature by law in this behalf, pay to the Commission, by way of grants, such sums of money, which is considered to be necessary for being utilised for the purposes of this Act.

(2) The Commission may spend such sums, out of grants, as it thinks fit, for performing the functions under this Act and such sums shall be treated as expenditure payable out of the grants referred to in sub-section (1).

16. *Accounts and Audit.*—(1) The Commission shall maintain proper accounts and other relevant records and prepare an annual statement of accounts in such form as may be prescribed.

(2) The accounts of the Commission shall be audited annually by the auditor entrusted by the Comptroller and Auditor General in this behalf.

(3) All the accounts and other records of the Commission shall be made available to the auditor for the purpose of the audit.

17. *Annual Report.*—The Commission shall, for each financial year, prepare annual report giving complete information of its activities in the previous financial year in the prescribed form and time and shall also forward a copy of it to the Government directly.

18. *Audit report to be laid before the Legislature.*—The Government shall cause the audit reports to be laid, as soon as may be, after they are received, before the Legislative Assembly.

## Chapter V

## MISCELLANEOUS

19. *Chairperson, Members and employees of the Commission to be public servants.*—The Chairperson, Members, officers and employees of the Commission shall be deemed to be public servants within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).

20. *Power to make rules.*—(1) The Government may, by notification in the Gazette, make rules for carrying out the purposes of this Act, either prospectively or retrospectively.

(2) In particular, and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

(a) salaries and allowances payable to, and the other terms and conditions of service of, the Chairperson and Members under sub-section (5) of section 4 and of officers and other employees under sub-section (2) of section 5;

(b) the manner and form of issuing forward community certificate by the Government under section 10;

(c) any other matter under clause (f) of section 12;

(d) the form of annual statement of accounts to be prepared under sub-section (1) of section 16;

(e) the form in, and time at which the annual report shall be prepared under section 17;

(f) any other matter which is to be, or may be, prescribed.

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in

which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so, however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

21. *Protection of actions taken in good faith.*—No suit, prosecution or legal proceeding shall lie against the Chairperson or any member of the Commission or any officer or any employee acting under the instructions of the Commission for anything which is done or intended to be done in good faith under this Act.

22. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Act which appear to it to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Act.

(2) Every order made under this section shall, as soon as may be after it is made, be laid before the Legislative Assembly.

23. *Repeal and Savings.*—(1) The Kerala State Commission for Forward Communities Ordinance, 2015 (9 of 2015) is hereby repealed.

(2) Notwithstanding such repeal anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.